ഉത്തരം.

സാങ്കേതികമായ ചില വിഷമതകൾ ഉണ്ടാകാനിടയുണ്ടെന്നു് ഗവണ്മെൻറിനു തോന്നിയതിനാലാണു് കിഴക്കേക്കോട്ട—നരിമാനട് സിറ്റി ബസ്സു് സർവ്വീസു് വേണ്ടെന്നു തീരുമാനിച്ചതു്. ഈ ലൈനിൽ ഓടുന്ന പ്രൈവറ്റ ബസ്സിലെ യാത്രക്കൂലി നാലണയാണു്. ഇതു് ഗവണ്മെൻറു് ട്രാൻസ്പോർട്ടു ബസ്സിലെ നിരക്കിനെ അപേക്ഷിച്ചു് കൂടുതലല്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 21-4-1955.

കൃഷികൾക്കു് നഷ്ടപരിഹാരം.

367. [1] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെയ്യാർ ഡാം പണി പൂർത്തിയാകുമ്പോൾ റിസർവയർ ഏരിയായിൽപ്പെട്ട കൃഷിഭൂമിയും, പാർപ്പിടങ്ങളും നഷ്ടപ്പെടാനിടയുള്ള കൃഷിക്കാർ എത്രയാണു് ;

(ബി) ആകെ നഷ്ടപ്പെടാവുന്ന ഭൂമിയുടെ വിസ്തൃതി എത്രയാണു്;

(സി) കൃഷിക്കാർക്കു് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ചു് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ഡി) പകരം ഭൂമി നൽകുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) 375 കൃഷിക്കാർക്കു് ഭൂമിയും പാർപ്പിടങ്ങളും നഷ്ടപ്പെടുവാൻ ഇടയുണ്ടു്.

(ബി) 1097.29 ഏക്കർ.

(സി) നഷ്ടപ്പെടുന്ന ഭൂമി സർക്കാർ വക കാണിപ്പാട്ട ഭൂമിയാണു്. അനധികൃതപ്രവേശനം മൂലവും കുത്തകപ്പാട്ടമായും കൈവശം വച്ചു് അനുഭവിച്ചുവരുന്ന സർക്കാർ ഭൂമിയായതുകൊണ്ടു് നഷ്ടപരിഹാരം കൊടുത്തു് ഒഴിപ്പിക്കാൻ ചട്ടമില്ല. ആവശ്യപ്പെടുമ്പോൾ വെറുതെ ഒഴിയേണ്ടതാണു്.

(ഡി) ഇതിനെപ്പറ്റി വേണ്ട അന്വേഷണം നടത്തിയതിൽ മറ്റു യാതൊരു സ്ഥലവുമില്ലാതെ ക്ലേശരഹിതരായി 31 കുടുംബക്കാർ വരുന്നതാണെന്നു് കാണുകയാൽ അവർക്കു് ദേവികുളം പീരുമേടു് കാണ്ടമൈസേഷൻ പദ്ധതിയിൽ ഭൂമി കൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടു്.

കുന്നംകുളം സബ് ട്രഷറി.

368. [2] ശ്രീ. തലേക്കര കെ. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്നംകുളത്തു് ഒരു സബ് ട്രഷറി തുടങ്ങുവാൻ ഭയവുണ്ടാകുമോ?

ഉത്തരം.

ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly